# കാലിക്കറ്റ് സർവകലാശാല

## റിക്രൂട്ട്മെന്റ് സെക്ഷൻ

155080/AD-REC-ASST-3/2023/Admn 05.08.2023

**കാലിക്കറ്റ് സർവകലാശാല ടീച്ചർ എഡ്യൂക്കേഷൻ സെന്ററിലെ പ്രിൻസിപ്പാൾ തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിലുള്ള നിയമനത്തിനായി അപേക്ഷ സമർപ്പിച്ചവരിൽ നിന്നും അഭിമുഖത്തിൽ പങ്കെടുക്കാൻ യോഗ്യരായി കണ്ടെത്തിയ ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ**

സൂചന : 05.07.2023 തീയതിലെ 1251/ASST-G3-DSFC/2018/Admn., നമ്പർ വിജ്ഞാപനം

1. കാലിക്കറ്റ് സർവകലാശാല ടീച്ചർ എഡ്യൂക്കേഷൻ സെന്ററിലെ പ്രിൻസിപ്പാൾ തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിലുള്ള നിയമനത്തിനായി മേൽ സൂചന പ്രകാരമുള്ള വിജ്ഞാപന പ്രകാരം ഓൺലൈൻ അപേക്ഷ സമർപ്പിച്ച ഉദ്യോഗാർത്ഥികളെയാണ് അഭിമുഖത്തിന് ക്ഷണിച്ചിട്ടുള്ളത്.
2. വിജ്ഞാപന പ്രകാരം പ്രിൻസിപ്പാൾ തസ്തികയിലേക്കുള്ള യോഗ്യതകൾ താഴെ പറയുന്നവയാണ്;

   - ആർട് സ്/സയൻസ്/സോഷ്യൽ സയൻസ്/ഹ്യൂമാനിറ്റിക്സ്/കോമേഴ്സ് വിഷയത്തിൽ 55 ശതമാനത്തിൽ കുറയാത്ത മാർക്കോടെ നേടിയ ബിരുദാനന്തര ബിരുദം
   - 55 ശതമാനത്തിൽ കുറയാത്ത എം എഡ് ഡിഗ്രി
   - ബന്ധപ്പെട്ട വിഷയത്തിൽ / എഡ്യൂക്കേഷനിൽ പിഎച്ച്. ഡി. നേടിയിരിക്കണം.
   - **സെക്കന്ററി ടീച്ചർ എഡ്യൂക്കേഷൻ സ്ഥാപനങ്ങളിൽ കുറഞ്ഞത് 8 വർഷത്തെ അദ്ധ്യാപന പരിചയം.**

   വിജ്ഞാപന പ്രകാരമുള്ള യോഗ്യതകൾ നേടിയ ഉദ്യോഗാർത്ഥികളെ മാത്രമേ അഭിമുഖത്തിൽ പങ്കെടുക്കാൻ അനുവദിക്കുകയുള്ളൂ. മേൽ പറഞ്ഞ യോഗ്യതകൾ തെളിയിക്കുന്ന അസ്സൽ രേഖകൾ സർട്ടിഫിക്കറ്റ് പരിശോധന സമയത്ത് ഹാജരാക്കേണ്ടതാണ്.

3. അഭിമുഖത്തിൽ പങ്കെടുക്കാൻ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളുടെ പേരുവിവരങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.
4. ഈ ഉദ്യോഗാർത്ഥികൾക്കുള്ള അഭിമുഖം **11.08.2023** തിയ്യതിയിൽ സർവകലാശാല ഭരണകാര്യാലയത്തിൽ വച്ച് നടത്തുന്നതായിരിക്കും.ഉദ്യോഗാർത്ഥികൾ അന്നേ ദിവസം കാലത്ത് **11.00** മണിക്ക് ഭരണകാര്യാലയത്തിൽ പ്രവർത്തിക്കുന്ന റിക്രൂട് മെൻറ് സെക്ഷനിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.
5. പേര്, വിലാസം, വയസ്സ്, ജാതി, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ രേഖകൾ കൊണ്ടുവരേണ്ടതാണ്(പട്ടിക ജാതി/പട്ടിക വർഗ്ഗക്കാർ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റും OBC വിഭാഗക്കാർ നോൺക്രീമിലിയർ സർട്ടിഫിക്കറ്റും EWS വിഭാഗത്തിൽ ഉൾപെടുന്നവർ അത് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്).
6. താഴെ കൊടുത്തിരിക്കുന്ന പട്ടിക താൽക്കാലികം മാത്രമാണ്. റിക്രൂട്ട്മെന്റ് പ്രക്രിയയുടെ ഏതെങ്കിലും ഘട്ടത്തിൽ അപേക്ഷയിൽ അവകാശപ്പെട്ട വാദങ്ങൾ തെറ്റാണെന്നു തെളിയുന്ന പക്ഷം ആ ഉദ്യോഗാർത്ഥി തുടർ പ്രക്രിയകളിൽ പരിഗണിക്കപ്പെടുന്നതല്ല.

**അഭിമുഖത്തിൽ പങ്കെടുക്കാൻ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളുടെ താത് കാലിക പട്ടിക താഴെ ചേർക്കുന്നു**

| Sl No | ID | Name | DOB | Remarks |
|---|---|---|---|---|
| 1 | 3440000019 | DR. BINDU K. VARGHESE | 11/05/1978 | |
| 2 | 3440000020 | DR. ASOKAN P. K. | 05/05/1966 | |
| 3 | 3440000018 | NESSY MOL S. | 15/05/1983 | |

മുകളിൽ കൊടുത്തിരിക്കുന്ന ലിസ്റ്റിൽ എന്തെങ്കിലും പരാതി ഉണ്ടെങ്കിൽ 10.08.2023, 2 PM നു മുൻപായി സർവ്വകലാശാല റിക്രൂട്ട്മെന്റ് സെക്ഷനിൽ അറിയിക്കേണ്ടതാണ്.

Jyothi Kumar C
Joint Registrar